## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7 08.02.2016 - ൽ മറുപടിയ്ക്ക്

## വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാത്ത ഫയലുകൾ

**ചോദ്യം**

**ശ്രീ. പി.ടി.എ.റഹീം**

**ഉത്തരം**

**ശ്രീ. ഉമ്മൻചാണ്ടി**

**(ബഹു: മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | 2015 ഡിസംബർ മാസത്തിലെ റിപ്പോർട്ട് പ്രകാരം സെക്രട്ടേറിയേറ്റിൽ ആകെ 1,37,732 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നു. അവയിൽ 28,115 ഫയലുകൾ ആ മാസം തീർപ്പാക്കുകയുണ്ടായി. ബാക്കി 1,09,617 ഫയലുകളാണ് തീർപ്പാക്കാതെ ഉണ്ടായിരുന്നത്. |
| (ബി) | ഏറ്റവും ഒടുവിലത്തെ കണക്കു പ്രകാരം ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്ന ഫയലുകളിൽ ഇനിയും തീരുമാനമെടുക്കാൻ ബാക്കി നിൽപ്പുള്ളവ എത്രയെന്ന് വ്യക്തമാക്കാമോ; | (ബി), (സി), (ഡി) & (ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഫയലുകളിൽ മൂന്നു മാസം, ആറു മാസം, ഒരു വർഷം, രണ്ട് വർഷം എന്നീ കാലയളവുകൾക്ക് ശേഷവും തീർപ്പാകാതെ കെട്ടിക്കിടക്കുന്ന എത്ര ഫയലുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | മുഖ്യമന്ത്രിയുടെ ഓഫീസിൽ മന്ത്രിസഭായോഗ തീരുമാനത്തിന് മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായ എത്ര ഫയലുകൾ 2016 ജനുവരി 31-ന് ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കാമോ ; | | |
| (ഇ) | മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ട എത്ര ഫയലുകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ 2016 ജനുവരി 31-ന് ബാക്കിയുണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ